പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.796 — 17-07-2014 - ൽ മറുപടിയ്ക്ക്

ചെക്കുഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>" രാജു എബ്രഹാം :<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി കെ.എസ്.സലീഖ : | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത് ജലസംരക്ഷണത്തിനായി ചെക്കുഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) എത്ര ചെക്കുഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെന്നും അതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും അറിയിക്കുമോ; | (എ) & (ബി) 2013 - 14 ബഡ്ജറ്റ് പ്രസംഗത്തിൽ, 400 കോടി രൂപ മുടക്കി 700 ചെക്ക് ഡാമുകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിൽ 106.6 കോടി രൂപ എസ്റ്റിമേറ്റ് തുകക്ക് 183 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 25.04.14 - ൽ നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി ചെക്ക് ഡാമുകളുടെ പണി ഏറ്റെടുക്കുന്നതാണ്. |
| (സി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചെന്നും ഇനി പദ്ധതി പൂർത്തീകരിക്കാനായി എന്തു തുക കൂടി വേണ്ടിവരുമെന്നുമാണ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കുമോ ? | (സി) ടി പദ്ധതിയിൽപ്പെടുത്തി ചെക്ക് ഡാമുകളുടെ പ്രവൃത്തികളൊന്നും പൂർത്തീകരിക്കാത്തതിനാൽ ഇതുവരെ ഇക്കാര്യത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ ടെൻഡർ ചെയ്ത് നടപ്പിലാക്കിയാൽ മാത്രമേ യഥാർത്ഥ ചെലവ് അറിയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.